# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 328** **11.11.2019-ൽ മറുപടിക്ക്**

**അട്ടപ്പാടിയിലെ മാവോയിസ്റ്റുകൾ**

| | ചോദ്യം<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | തണ്ടർ ബോൾട്ട് അട്ടപ്പാടി മഞ്ചക്കണ്ടിയിലെ വനമേഖലയിൽ ഒരു സ്ത്രീയടക്കം നാല് പേരെ വെടിവച്ചുകൊന്നിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | പോലീസ് റിപ്പോർട്ട പ്രകാരം 28.10.2019 തീയതിയിൽ പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ പരിധിയിലെ മേലേ മഞ്ചിക്കണ്ടി റിസർവ്വ് വനത്തിൽ പട്രോളിംഗ് നടത്തുകയായിരുന്ന തണ്ടർബോൾട്ട് സേനാംഗങ്ങൾക്കെതിരെ നിരോധിത സംഘടനയിൽപ്പെട്ട സായുധധാരികളായ സി.പി.ഐ മാവോയിസ്റ്റ് സംഘാംഗങ്ങൾ പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് വെടിയുതിർത്തതിനെത്തുടർന്ന് പോലീസ് സ്വയരക്ഷാർത്ഥം തിരികെ വെടിവച്ചതിൽ ഒരു സ്ത്രീയുൾപ്പെടെ മൂന്ന് മാവോയിസ്റ്റ് പ്രവർത്തകർ കൊല്ലപ്പെടുകയുണ്ടായി.<br>29.10.2019 തീയതിയിൽ മേൽപ്പറയുന്ന നിരോധിത സി.പി.ഐ മാവോയിസ്റ്റ് പ്രവർത്തകരുടെ മരണവുമായി ബന്ധപ്പെട്ട് മൃതദേഹം ഇൻക്വസ്റ്റ് |
| (ബി) | പ്രസ്തുത വെടിവെയ്പിൽ ആരൊക്കെയാണ് കൊലചെയ്യപ്പെട്ടത്; വിശദാംശങ്ങൾ നൽകാമോ; | | |
| (സി) | മാവോയിസ്റ്റുകൾ വെടിയുതിർത്തതിനെത്തുടർന്നാണോ തണ്ടർ ബോൾട്ട് സേന വെടിയുതിർത്തതെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി സംഭവ സ്ഥലത്തേയ്ക്ക് പോകുകയായിരുന്ന ഒറ്റപ്പാലം സബ് കളക്ടറടങ്ങിയ സംഘത്തിന് നേരെ മാവോയിസ്റ്റ് പ്രവർത്തകർ വീണ്ടും നിറയൊഴിച്ചതിനെത്തുടർന്ന് സ്വയരക്ഷാർത്ഥം തണ്ടർ ബോൾട്ട് സേനാംഗങ്ങൾ തിരികെ വെടിയുതിർത്തതിൽ ഒരു മാവോയിസ്റ്റ് പ്രവർത്തകൻ കൂടി കൊല്ലപ്പെട്ടു.<br>നിരോധിത മാവോയിസ്റ്റ് സംഘടനയിൽപ്പെട്ട കാർത്തി, അരവിന്ദ്, രമ, മണിവാസകം എന്നിവരാണ് കൊല്ലപ്പെട്ടത്. വെടിവയ്പ്പിൽ നാല് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ട സംഭവുമായി ബന്ധപ്പെട്ട് CrPC സെക്ഷൻ 176 പ്രകാരം മജിസ്ട്രേറ്റുതല അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ മജിസ്ട്രേറ്റായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (ഡി) | വെടിവെയ്പ്പിൽ കൊല്ലപ്പെട്ട മാവോയിസ്റ്റുകൾ സംസ്ഥാന സർക്കാരുമായി സമാധാന ചർച്ച നടത്താൻ തയ്യാറായിരുന്നു എന്നത് വസ്തുതയാണോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | അല്ല. |

സെക്ഷൻ ഓഫീസർ